



# വാൽകുളമ്പ് സിസിലി കൊലക്കേസ്- പ്രതി പിടിയിൽ

വാൽകുളമ്പ് പെരുംപരുതയിൽ കുറ്റിക്കാട്ടിൽ വയോധികയുടെ മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ പ്രതി അറസ്റ്റിൽ. വാൽക്കുളമ്പ് വെട്ടിക്കൽ കുളമ്പ് കൊടുമ്പാല ചേക്കയിൽ വീട്ടിൽ വർഗ്ഗീസിൻെറ ഭാര്യ സ്സിസിലിയെ(66) ആണ് 16.07.2019 തിയ്യതി വൈകിട്ട് പനംകുറ്റി പാറക്കളം കോളനിക്ക് സമീപം വിജനമായ സ്ഥലത്ത് കുറ്റിക്കാട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. 15.07.2019 തിയ്യതി രാവിലെ സിസിലി സ്ഥിരമായി ജോലിക്ക് പോകാറുള്ള എസ്റ്റേറ്റിൽ പണിക്ക് എത്താത്തതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് മൃതദേഹം കണ്ടെത്തിയത്.

സിസിലിയുടെ മരണം കൊലപാതകമാണെന്ന് മനസ്സിലാക്കിയ പോലീസ്, പാലക്കാട് ജില്ലാ പോലീസ് മേധാവി ജി ശിവ വിക്രം ഐപിഎസിന്റെ മേൽ നോട്ടത്തിൽ ആലത്തൂർ ഡി.വൈ.എസ്.പി യുടെയും , വടക്കഞ്ചേരി ഇൻസ്പെക്ടറുടെയും നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ കേസന്വേഷണത്തിലാണ് മണിക്കൂറുകൾക്കകം പ്രതി പിടിയിലായത്

സംഭവ ദിവസം പുലർച്ചെ 5.30 മണിയോടെ തോട്ടത്തിലേക്ക് നടന്ന് ജോലിക്ക് പോകുകയായിരുന്ന 66 വയസ്സുള്ള സിസിലിയെ പെരുംപരുതയിലെ പഴയ ക്വാറിക്ക് സമീപം വിജനമായ സ്ഥലത്ത് വെച്ച് കുറ്റിക്കാട്ടിൽ ഇരുട്ടിൽ പതിയിരിക്കുകയായിരുന്ന പ്രതി ബിജു പിന്നിൽ നിന്ന് ആക്രമിക്കുകയായിരുന്നു. സിസിലിയെ കയ്യാലക്ക് താഴേക്ക് തള്ളിയിട്ട പ്രതി സമീപത്ത് കാട്ടിനകത്തേക്ക് എടുത്ത് കൊണ്ടു പോയി അവശയായ സിസിലിയെ ക്രൂരമായി ബലാത്സംഗം ചെയ്യുകയും, സിസിലി തന്നെ തിരിച്ചറിഞ്ഞാലുള്ള അപകടത്തെക്കുറിച്ചോർത്ത് സിസിലിയെ കഴുത്തു ഞെരിച്ച് മരണം ഉറപ്പാക്കിയതിന് ശേഷമാണ് വീട്ടിലേക്ക് പോയത് . എന്നാൽ അന്വേഷണം സംഘം പ്രതി പോലുമറിയാതെ അയാളുടെ നീക്കങ്ങൾ നിരീക്ഷിച്ച്

സംഭവസമയം പ്രതിയുടെ സംഭവസ്ഥലത്തെ സാന്നിധ്യം ഉറപ്പു വരുത്തിയാണ് പ്രതിയിലേക്ക് എത്തിച്ചേർന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി ജി. ശിവവിക്രത്തിൻെറ നിരീക്ഷണത്തിൽ ആലത്തൂർ ഡി.വൈ.എസ്.പി കെ.എം.ദേവസ്യ ,വടക്കഞ്ചേരി ഇൻസ്പെക്ടർ ബി.സന്തോഷ്, എ.എസ്.ഐ ഉണ്ണിമുഹമ്മദ്, സീനിയർ സിവിൽ പോലീസ് ഓഫീസർ അയ്യപ്പ ജ്യോതി, ജൂബി ഇഗ്നേഷ്യസ്, സിവിൽ പോലീസ് ഓഫീസർമാരായ ഉക്കാഷ്, ദേവദാസ് ,സനൽ, ആലത്തൂർ ഡി.വൈ.എസ്.പിയുടെ പ്രത്യേക അന്വേഷണ സംഘത്തിലുൾപ്പെട്ട റഹിം മുത്തു, കൃഷ്ണദാസ്, സന്ദീപ് , സൂരജ് ബാബു, ദിലീപ്, എന്നിവരാണ് കേസന്വേഷണം നടത്തി പ്രതിയെ കണ്ടെത്തിയത്.



# വീട്ടമ്മയുടെ കൊലപാതകം: പ്രതി അറസ്റ്റിൽ

**മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞായിരുന്നു പോലീസ് അന്വേഷണം. 23 പേരുടെ മൊഴി രേഖപ്പെടുത്തി. ആയിരത്തോളം ഫോൺകോളുകളും പരിശോധിച്ചു.**

മരിച്ച സിസിലി. അറസ്റ്റിലായ ബിജു ദേവസ്യ.

വടക്കഞ്ചേരി: വാൽകുളമ്പിനടുത്തു പെരുംപരുത പാറക്കുന്നിലെ കുറ്റിക്കാട്ടിൽ വീട്ടമ്മയെ ബലാത്സംഗം ചെയ്തു കൊലപ്പെടുത്തിയ കേസിലെ പ്രതിയെ ജില്ലാ പോലീസ് സൂപ്രണ്ട് ശിവ വിക്രം, ആലത്തൂർ ഡിവൈഎസ്പി കെ.എം. ദേവസ്യ, വടക്കഞ്ചേരി സിഐ ബി.സന്തോഷ്, എസ്ഐ ഷമീർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. പാറക്കുന്നിനു താഴെ താമസിക്കുന്ന അമ്പലത്തിങ്കൽ ബിജു ദേവസ്യ(38)യെയാണ് ഇന്നലെ അറസ്റ്റ് ചെയ്തത്.

കണിച്ചിപ്പരുതയ്ക്കടുത്ത് കൊടുമ്പാലയിൽ തനിച്ചു താമസിച്ചിരുന്ന ചേക്കയിൽ വർഗീസിന്റെ ഭാര്യ സിസിലി(66)യാണ് കൊല്ലപ്പെട്ടത്. തിങ്കളാഴ്ച രാവിലെ ആറിനുമുമ്പായിരുന്നു സംഭവം.

പ്രതിയെ ഇന്ന് ആലത്തൂർ ഫസ്റ്റ് ക്ലാസ് ജുഡീഷൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുമെന്നു ഡിവൈഎസ്പി പറഞ്ഞു. പ്രതിയെ സംഭവസ്ഥലത്തു കൊണ്ടുവന്നു തെളിവെടുപ്പ് നടത്തി. ഇന്നലെ വൈകീട്ട് രണ്ടുമണിക്കൂർ നീണ്ട തെളിവെടുപ്പിൽ പാറക്കുന്നിന്റെ പല ഭാഗങ്ങളിൽനിന്നായി വീട്ടമ്മയുടെ മൊബൈൽ ഫോൺ, സിം കാർഡ് എന്നിവ കണ്ടെടുത്തു.

പ്രതിയെ തെളിവെടുപ്പിനു കൊണ്ടുവരുന്നതറിഞ്ഞ് ഇന്നലെ രാവിലെ മുതൽ പാറക്കുന്നിലും പരിസരങ്ങളിലുമായി കനത്ത മഴയെ അവഗണിച്ചും സ്ത്രീകൾ ഉൾപ്പെടെ നൂറുകണക്കിനാളുകളാണ് തടിച്ചുകൂടിയത്. ഇവരെ നിയന്ത്രിക്കാൻ പോലീസ് നന്നേ പണിപ്പെട്ടു.

കൊലപാതകം സംബന്ധിച്ച് പോലീസ് പറയുന്നത് ഇങ്ങനെ: ഇക്കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെ അഞ്ചരയോടെ രണ്ടര കിലോമീറ്റർ ദൂരെയുള്ള എസ്റ്റേറ്റിലേക്കു പണിക്കുപോകുന്നതിനായി സിസിലി പാറക്കുന്നുവഴി കയറിവന്നു. ഈ സമയം പ്രതി പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ അവിടെ എത്തിയിരുന്നു. ഇരുട്ടിൽ ദൂരെ നിന്നു വരുന്നതു സ്ത്രീയാണെന്നറിഞ്ഞ് ഇയാൾ വഴിയരികിലെ കുറ്റിക്കാട്ടിൽ പതുങ്ങിയിരുന്നു. വീട്ടമ്മ അടുത്തെത്തിയപ്പോൾ ചാടിച്ചെന്ന് അവരെ പിറകിൽനിന്നും പിടികൂടി എടുത്ത് സമീപത്തെ മൂന്നടി ഉയരമുള്ള കയ്യാലയിൽ വച്ച് അവിടെനിന്നും താഴേക്കു തള്ളിയിട്ടു. ഇതോടെ ശ്വാസംമുട്ട് ഉൾപ്പെടെയുള്ള അസുഖങ്ങളുള്ള സിസിലി ഏറെ അവശയായി. ഇവരെ അവിടെനിന്നും 20 മീറ്റർ അകലെ പ്രവർത്തിക്കാത്ത ചെറിയ കരിങ്കൽ ക്വാറിക്കടുത്തുള്ള കുറ്റിക്കാട്ടിലേക്ക് എടുത്തുകൊണ്ടുപോയി ക്രൂരമായി ബലാത്സംഗം ചെയ്തു. ഈ സമയം വീട്ടമ്മ അബോധാവസ്ഥയിലായിരുന്നു.

ആളെ തിരിച്ചറിയാതിരിക്കാൻ കഴുത്തുഞെരിച്ച് മരണം ഉറപ്പാക്കിയശേഷം ഇരുനൂറ് മീറ്റർ മാത്രം അകലെ കുന്നിൻചെരിവിന്റെ മറുഭാഗത്തുള്ള വീട്ടിലെത്തുപോയി. പണിക്കുപോകേണ്ട സമയമായപ്പോൾ പണിക്കുംപോയി.

നേരത്തേ റബർ ടാപ്പിംഗിനു പോയിരുന്ന ഇയാൾ ഇപ്പോൾ കെട്ടിടംപണിക്കും മറ്റു കൂലിപ്പണികൾക്കുമാണ് പോകുന്നത്.

കൊലപാതകത്തിനുശേഷം പിറ്റേദിവസം മൃതദേഹം കണ്ടെത്തുമ്പോഴും എസ്പി ഉൾപ്പെടെയുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്ത് പരിശോധനയ്ക്ക് എത്തിയപ്പോഴും പ്രതി പാറക്കുന്നിലേക്ക് ഒരുതവണപോലും കയറിവന്നില്ല. ഇതു നിരീക്ഷിച്ച പോലീസ് പിന്നെ ഇയാളെ ചുറ്റിപ്പറ്റി അന്വേഷണവും നിരീക്ഷണവും ശക്തമാക്കുകയായിരുന്നു.

ഇടുക്കി സ്വദേശിയായ ബിജു ദേവസ്യ നേരത്തെ പാലക്കുഴിമലയിൽ പൊന്തുമടയിലായിരുന്നു താമസം. നേരത്തേയും ഇയാൾ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നെങ്കിലും അന്നെല്ലാം ഒത്തുതീർപ്പാക്കി ഒഴിവാക്കുകയായിരുന്നെന്നു ഡിവൈഎസ്പി പറഞ്ഞു. ഏഴുവർഷമായി പാറക്കുന്നിലെ ചെരിവിൽ ചെറിയ ഷെഡിലാണ് കഴിയുന്നത്. ഇവിടെ ഭാര്യയും രണ്ടു കുട്ടികളും ഇയാൾക്കുണ്ട്.

മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞായിരുന്നു പോലീസ് അന്വേഷണം. കേസുമായി ബന്ധപ്പെട്ട് 23 പേരുടെ മൊഴികൾ രേഖപ്പെടുത്തി. സൈബർ സെല്ലിന്റെ സഹായത്തോടെ പലരുടേതായി ആയിരത്തോളം ഫോൺകോളുകളും പരിശോധിച്ചു. അന്യസംസ്ഥാന തൊഴിലാളികൾ, ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവർ, സ്വഭാവദൂഷ്യമുള്ളവർ, വീട്ടമ്മ പണിയെടുക്കുന്ന തോട്ടത്തിലെ തൊഴിലാളികൾ, സ്ഥിരമായി പാറക്കുന്ന് വഴി പോകുന്നവർ തുടങ്ങിയവരെ നിരീക്ഷണത്തിനു വിധേയരാക്കി.

കേസിന്റെ തുടർഅന്വേഷണങ്ങൾ വടക്കഞ്ചേരി സിഐ ബി. സന്തോഷിന്റെ നേതൃത്വത്തിലാകും. എഎസ്ഐ ഉണ്ണി മുഹമ്മദ്, എസ്‌സിപിഒമാരായ അയ്യപ്പജ്യോതി, ജൂബി ഇഗ്നേഷ്യസ്, സിപിഒമാരായ ഉക്കാഷ്, ദേവദാസ് സനൽ, ഡിവൈഎസ്പിയുടെ പ്രത്യേക അന്വേഷണ സംഘത്തിലെ റഹിം മുത്തു, കൃഷ്ണദാസ്, സന്ദീപ്, സൂരജ് ബാബു, ദിലീപ്, ഡിപ്പാർട്ട്മെന്റിലെ ടെക്നീഷ്യൻമാരായ സക്കീർ ഹുസൈൻ, വി.കെ.രജീഷ് തുടങ്ങിയവരും അന്വേഷണസംഘത്തിലുണ്ടായിരുന്നു.

പാറക്കുന്നിൽ പ്രതി ബിജു ദേവസ്യയെ തെളിവെടുപ്പിനു കൊണ്ടുവന്നപ്പോൾ.

